നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടിരൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

## സിഡ്കോയുടെ കീഴിലെ നിർമ്മാണ പ്രവൃത്തികൾ

**242 (587)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ എത്ര നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും ഏത് തീയതിക്കാണ് എഗ്രിമെന്റ് വച്ചതെന്നും അതുപ്രകാരം എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിഡ്കോയുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ 64 നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഈ പ്രവൃത്തികളിൽ 34 എണ്ണം പൂർത്തിയാക്കാനുണ്ട്. ഇവയുടെ എഗ്രിമെന്റ് വെച്ച തീയതി, പൂർത്തീകരണത്തീയതി, പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

**243 (588)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിനായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) പ്രസ്തുത പാർക്കിനായി എത്ര തുകയുടെ പ്രോജക്ടാണ് കിൻഫ്ര തയ്യാറാക്കിയതെന്നും പ്രസ്തുത പ്രോജക്ടിന് എപ്പോഴാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) പ്രോജക്ടിനാവശ്യമായ തുകയിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്നും കേന്ദ്ര സർക്കാരിൽനിന്നും എത്ര ധനസഹായത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പൂർത്തീകരണത്തിനുള്ള മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും ഇതിനോടകം സംസ്ഥാന സർക്കാർ എത്ര തുക ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് ; ഇതിനോടകം എത്ര തുക ലഭിക്കുകയുണ്ടായി ;

(എഫ്) പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

### ഉത്തരം

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിനായി 51.75 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി&സി) പ്രസ്തുത പാർക്കിന് 5 കോടിരൂപയുടെ പ്രോജക്ട് കിൻഫ്ര തയ്യാറാക്കുകയും ഇതിന് 28-6-2014-ാം തീയതിയിലെ G.O.(Rt) No.719/2014/ID

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly